"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂളുകൾ തുറക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.249/2021/ഗതാഗതം   തീയതി,തിരുവനന്തപുരം, 16/07/2021

---

പരാമർശം:- ദുരന്ത നിവാരണ വകുപ്പിൻറെ 15.06.2021-ലെ സ.ഉ(സാധാ) 467/2021/ഡി.എം.ഡി നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപന തോത് കുറയ്ക്കുന്നതിനായി നിലവിലുള്ള ലോക്ക്ഡൗണിനെ തുടർന്ന് മോട്ടോർ വാഹന വകുപ്പിൽ നടത്തി വരുന്ന ഡ്രൈവിംഗ് പ്രാക്ടിക്കൽ ടെസ്റ്റുകൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. പൊതുഗതാഗത സൗകര്യം കുറഞ്ഞതിനാൽ സ്വന്തമായി വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രവണത വർദ്ധിച്ചു വരികയാണ്. ലൈസൻസ് നേടുന്നതിനുള്ള അപേക്ഷകൾ ധാരാളം മോട്ടോർ വാഹന വകുപ്പിൽ തീർപ്പാക്കാനുണ്ട്. വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന / അന്വേഷിക്കുന്നവർക്ക് ആ രാജ്യങ്ങളിലെ ഡ്രൈവിംഗ് ലൈസൻസ് കിട്ടുന്നതിന് ഇന്ത്യൻ ലൈസൻസ് അനിവാര്യമായതിനാൽ ഇത്തരം ടെസ്റ്റുകൾ സമയബന്ധിതമായി നടത്തേണ്ടതുണ്ട്. ലേണേഴ്സ് ലൈസൻസ് എടുത്ത നിരവധി അപേക്ഷകരുടെ പ്രായോഗിക ഡ്രൈവിംഗ് ടെസ്റ്റുകൾ തീർപ്പാകാതെ കിടക്കുകയുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗ-നിർദ്ദേശങ്ങൾക്ക് വിധേയമായി 19.07.2021 മുതൽ സംസ്ഥാനത്ത് ഡ്രൈവിംഗ് പരിശീലനം നടത്തുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

1. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കോവിഡ് -19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു കൊണ്ട് മാത്രമേ ടെസ്റ്റുകളും ,പരിശീലനവും നടത്താവൂ.
2. പരിശീലന വാഹനത്തിൽ ഇൻസ്ട്രക്ടറെ കൂടാതെ ഒരു സമയം ഒരു പഠിതാവിനെ മാത്രമേ അനുവദിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ് :
ഗതാഗത കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )
ഡയറക്ടർ ,വിവര പൊതുജന സമ്പർക്ക( വെബ് ആൻറ് ന്യൂ മീഡിയ) വകുപ്പ്.
ദുരന്ത നിവാരണ (എ )വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ